**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **31-08-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; കേന്ദ്രവും സംസ്ഥാനവും നൽകുന്ന താങ്ങുവിലയുടെ അനുപാതം മാറ്റി വിശദീകരിക്കാമോ; | (എ) | നെല്ലിന്റെ താങ്ങുവില ഓരോവർഷവും പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേരളത്തിലെ നെല്ലിന്റെ സംഭരണവിലയിൽ കേന്ദ്രസർക്കാരിന്റെ താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസും ഉൾപ്പെടുന്നു.<br><br>2021-22 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങു വില കിലോയ്ക്ക് 18 രൂപ 68 പൈസയിൽ നിന്നും 72 പൈസ വർദ്ധിപ്പിച്ച് 19 രൂപ 40 പൈസയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചു. 2022-23 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങു വില 19 രൂപ 40 പൈസയിൽ നിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20 രൂപ 40 പൈസയായി നിശ്ചയിച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയോടൊപ്പം സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോയ്ക്ക് 8 രൂപ 60 പൈസ കൂട്ടി ചേർത്ത് 28 രൂപയായി നിശ്ചയിച്ചിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോ ഗ്രാമിന് 8 രൂപ 80 പൈസ കൂടി ചേർത്ത് 28 രൂപ 20 പൈസയായാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.<br><br>കഴിഞ്ഞ 3 സീസണുകളുടെ സംഭരണ വില സംബന്ധിച്ച കണക്ക് **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ എത്ര തുകയാണ് നെല്ലിന്റെ താങ്ങുവിലയായി പ്രഖ്യാപിച്ചത്; ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയും | (ബി) | 2019-20 വർഷം 26.95 രൂപയായിരുന്നു നെല്ലിന്റെ സംഭരണവില. 2020-21-ൽ നെല്ലിന്റെ സംഭരണവില 27.48 രൂപ ആയിരുന്നു. |

| | | | |
|---|---|---|---|
| | കർഷകർക്ക് ലഭിച്ച തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | നെല്ലിന് കൂടിയ താങ്ങുവില പ്രഖ്യാപിക്കുമ്പോൾ ആയത് യഥാസമയം കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച താങ്ങുവിലയുടെ കുടിശ്ശികയിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതം കൊടുത്ത് തീർത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ 3 സീസണുകളിൽ നെല്ലിന്റെ സംഭരണ വില കൊടുത്തു തീർക്കാനായുള്ള കുടിശ്ശികയുടെ കണക്കുകൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (ഇ) | സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താങ്ങുവിലയിൽ ഏതെങ്കിലും കൊടുത്ത് തീർക്കുവാനുണ്ടോ എന്ന് മാറ്റി വിശദീകരിക്കാമോ? | (ഇ) | കഴിഞ്ഞ 3 സീസണുകളിൽ നെല്ലിന്റെ സംഭരണ വില കൊടുത്തു തീർക്കാനായുള്ള കുടിശ്ശികയുടെ കണക്കുകൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## കഴിഞ്ഞ 3 സീസണുകളുടെ സംഭരണ വില സംബന്ധിച്ച കണക്ക്

| സംഭരണ സീസൺ | കേന്ദ്ര താങ്ങുവില | | സംസ്ഥാന പ്രോത്സാഹന ബോണസ് | | സംഭരണ വില |
|---|---|---|---|---|---|
| | Common (ഉണ്ട) | Grade A (വടിയരി) | Common (ഉണ്ട) | Grade A (വടിയരി) | |
| 2019-20 | 18.15 | 18.35 | 8.80 | 8.60 | 26.95 |
| 2020-21 | 18.68 | 18.88 | 8.80 | 8.60 | 27.48 |
| 2021-22 | 19.40 | 19.60 | 8.60 | 8.40 | 28.00 |

**<u>അനുബന്ധം-2</u>**

**<u>കഴിഞ്ഞ 3 സീസണുകളിൽ നെല്ലിന്റെ സംഭരണ വില കൊടുത്തു തീർക്കാനായുള്ള കുടിശ്ശികയുടെ കണക്ക്</u>**

| സീസൺ | കർഷകരുടെ എണ്ണം | തുക |
|---|---|---|
| 2019-20 | 3 | 3.02 ലക്ഷം |
| 2020-21 | 2 | 52651 |
| 2021-22 | 4214 | 24.33 കോടി |

* സിവിൽ കേസുകൾ തീർപ്പ് കൽപ്പിക്കാൻ ഉള്ളതുമൂലമാണ് 2019-20, 2020-21 സീസണുകളിൽ കുടിശ്ശിക വന്നിരിക്കുന്നത്.